പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2956

21-08-2017 ൽ മറുപടിക്ക്

**ജൈവ വൈപ്പിൻ പദ്ധതി**

ചോദ്യം

ശ്രീ.എസ്.ശർമ്മ

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) ജൈവ വൈപ്പിൻ പദ്ധതി പുനരാരംഭിക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | ജൈവ വൈപ്പിൻ പ്രദേശത്തെ എക്കൽ നീക്കം ചെയ്യുന്നത് സംബന്ധിച്ച് ഹൈക്കോടതിയുടെ നിലവിലെ ഇടക്കാല ഉത്തരവ് പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ എറണാകുളം സബ് കളക്ടറുമായി ചർച്ച നടത്തി. CRZ ന്റെ അനുമതിയോ National Centre for Earth Science and Studies (NCESS) ന്റെ പഠന റിപ്പോർട്ടോ ലഭ്യമായാൽ മാത്രമേ ഇടക്കാല ഉത്തരവ് നീക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുവാൻ സാധിക്കുകയുള്ളൂ. 23-5-2017 ലെ മീറ്റിംഗിലെ തീരുമാനമനുസരിച്ച് CESS ലെ ശാസ്ത്രജ്ഞൻ ഡോ.കെ.കെ. രാമചന്ദ്രനുമായി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ബന്ധപ്പെടുകയും പരിസ്ഥിതി ആഘാത പഠനത്തിനായുള്ള സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി CESS അതോറിറ്റി 12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നൽകുകയും പ്രസ്തുത തുക CESS ന് നൽകുകയും ചെയ്തു. |
| ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി പാരിസ്ഥിതിക പഠനം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ? | (ബി) | പരിസ്ഥിതി സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്കായി 25-07-2017 മുതൽ 28-07-2017 വരെയുള്ള ദിവസങ്ങളിൽ National Centre for Earth Science and Studies (NCESS) പഠനം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ഒരു മാസംകൊണ്ട് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിസ്ഥിതി ആഘാത പഠനവും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ